**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 164** **01-09-2022 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്. ആഗസ്റ്റ് 1, 2022 മുതൽ ഒരു ഗ്രാമപഞ്ചായത്തിൽ ഒരേ സമയം 20 പ്രവൃത്തികൾ നിലവിലുണ്ടെങ്കിൽ പുതുതായി ഒരു പ്രവൃത്തി ആരംഭിക്കുന്നതിന് ബന്ധപ്പെട്ട ബ്ലോക്ക് പ്രോഗ്രാം ഓഫീസർ മുഖേന ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ അനുമതി തേടേണ്ടതുണ്ട്. |
| (ബി) | അത്തരം നിയന്ത്രണം സംസ്ഥാനത്തിലെ തൊഴിൽ മേഖലയെയും പ്രാദേശിക സാമ്പത്തിക വികസനത്തെയും എപ്രകാരം ബാധിക്കുമെന്ന് വിശകലനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ എല്ലാ വാർഡുകളിലും പ്രവൃത്തികൾ നടത്തിയാലെ തൊഴിലാളികൾക്ക് തടസ്സരഹിതമായി തൊഴിൽ നൽകാൻ കഴിയുകയുള്ളു. കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ ജനസംഖ്യയിൽ മറ്റു സംസ്ഥാനങ്ങളിലെക്കാൾ വലുതാണ്. ഓരോ ഗ്രാമപഞ്ചായത്തിലും ശരാശരി 2700-ൽ ഏറെ സജീവ കുടുംബങ്ങൾ തൊഴിൽ തേടുന്നവരായിട്ടുണ്ട്. ഇവരുടെ തൊഴിൽ ആവശ്യം നിറവേറ്റുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ഒരു വർഷം ശരാശരി 470 പ്രവൃത്തികളെങ്കിലും ഏറ്റെടുക്കേണ്ടി വരും. ഈ സാഹചര്യത്തിൽ, തൊഴിലിന്റെ ആവശ്യകതയനുസരിച്ച് പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ തന്നെ അനുവദിക്കുന്നതിന് പുതിയ നിയന്ത്രണം ബുദ്ധിമുട്ട് ഉണ്ടാക്കും. |
| (സി) | മുൻ കാലങ്ങളിൽ അനുവദിക്കപ്പെട്ട തൊഴിൽ ദിനങ്ങളും പൂർത്തിയാക്കപ്പെട്ട തൊഴിൽ ദിനങ്ങളും താരതമ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന തൊഴിൽ ദിനങ്ങൾക്ക് ഉപരിയായി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സംസ്ഥാനത്തിന് സ്ഥിരമായി സാധിക്കുന്നുണ്ട്. 2018-19-ലും 2019-20-ലും കേന്ദ്രം 7 കോടി തൊഴിൽ ദിനങ്ങൾ വീതം അനുവദിച്ച സ്ഥാനത്ത് സംസ്ഥാനം യഥാക്രമം 9.75 കോടി, 8.02 കോടി എന്നിങ്ങനെ തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. 2020-21- ൽ 10 കോടി തൊഴിൽ ദിനങ്ങൾ |

| | | | |
|---|---|---|---|
| | | | അനുവദിക്കപ്പെട്ടപ്പോൾ ആകെ 10.23 കോടി തൊഴിൽ ദിനങ്ങളാണ് സംസ്ഥാനം സൃഷ്ടിച്ചത്. കഴിഞ്ഞ സാമ്പത്തിക വർഷവും (2021-22) ആദ്യം 7 കോടിയും പിന്നീട് അത് ഉയർത്തി 10 കോടിയും തൊഴിൽ ദിനങ്ങളാണ് കേന്ദ്ര സർക്കാർ അനുവദിച്ചത്. എന്നാൽ 10.59 കോടി തൊഴിൽ ദിനങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുകയും അതിലൂടെ 16.45 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ നൽകുകയും ചെയ്യുകയുണ്ടായി. ഈ സാമ്പത്തിക വർഷം 10.32 കോടി തൊഴിൽ ദിനങ്ങൾക്കുള്ള ലേബർ ബജറ്റ് സമർപ്പിച്ചിട്ടും 6 കോടി തൊഴിൽ ദിനങ്ങൾ മാത്രമാണ് നിലവിൽ അനുവദിച്ച് തന്നിട്ടുള്ളത്. ഇതിൽ 22.08.2022 വരെ 2.96 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇതുവഴി 12.49 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിന് സാധിച്ചു. ഇതിൽ 1003 കുടുംബങ്ങൾ 100 ദിവസം തൊഴിൽ ലഭിച്ചവരാണ്. |
| (ഡി) | തൊഴിലുറപ്പ് പദ്ധതിയുടെ ഓഡിറ്റിങ് നടത്തുന്നതിനുള്ള തുക കുറയ്ക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനം അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തെ എങ്ങനെയൊക്കെ ബാധിക്കുമെന്ന് അറിയിക്കാമോ; | (ഡി) | തൊഴിലുറപ്പ് പദ്ധതിയുടെ ഓഡിറ്റ് ഫണ്ട് കുറയ്ക്കുന്നത് സംബന്ധിച്ച് ഇതുവരെ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. പക്ഷേ ഭരണ ചെലവിനത്തിൽ അനുവദിച്ചിട്ടുള്ള 6 ശതമാനത്തിന്റെ 0.50 ശതമാനം സോഷ്യൽ ഓഡിറ്റിന് ചെലവാക്കാമെങ്കിലും ഇതിന് അനുസൃതമായ തുക കേന്ദ്ര സർക്കാർ അനുവദിക്കുന്നില്ല. സോഷ്യൽ ഓഡിറ്റിനായി പരിശീലനം നൽകി നിയമിച്ചിട്ടുള്ള റിസോഴ്സ് പേഴ്സൺമാർക്ക് യഥാസമയം വേതനം നൽകാൻ കഴിയാതെ വരുമ്പോൾ അവർ ജോലിയിൽ നിന്ന് വിട്ടു പോവുകയും അത് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ മുടങ്ങുന്നതിന് കാരണമാവുകയും ചെയ്യുന്നുണ്ട്.<br><br>2020-21 സാമ്പത്തിക വർഷം ലഭിക്കേണ്ട 13.51 കോടി രൂപയിൽ ഒരു രൂപ പോലും സംസ്ഥാനത്തിന് ലഭിച്ചിട്ടില്ല. കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) കേരളത്തിന് അർഹമായ സോഷ്യൽ ഓഡിറ്റ് ഫണ്ട് വിഹിതമായ 19.33 കോടി രൂപയിൽ ആകെ ലഭിച്ചത് 2.92 കോടി രൂപ മാത്രമാണ്. തുടർന്ന് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കാൻ സംസ്ഥാനം 3 കോടി രൂപ അഡ്വാൻസ് ആയി സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് അനുവദിക്കേണ്ട സാഹചര്യവുമുണ്ടായി. 2022-23 സാമ്പത്തിക വർഷത്തിൽ ഇതുവരെ 4.014 കോടി രൂപ മാത്രമാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത്. ഇത് 22.08.2022-നാണ് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്. |
| (ഇ) | തൊഴിലുറപ്പ് പ്രവർത്തനങ്ങൾ ക്രിയാത്മകവും | (ഇ) | പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ക്രിയാത്മകവും |

| | | | |
|---|---|---|---|
| | ഗുണപരവുമായി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | | ഗുണപരവുമായി മാറ്റുന്നതിന് 'നീരുറവ്', 'മികവ്' തുടങ്ങിയ പ്രത്യേക പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ